പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5474 | 28.07.2015 ലെ മറുപടിയ്ക്ക്

## ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. പി.സി വിഷ്ണുനാഥ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും,<br>സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനും വിതരണത്തിനും പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളെ നൂതന കൃഷിരീതികൾ ഉൾപ്പെടെയുള്ള വിപണനാധിഷ്ഠിത മാതൃക കാർഷിക ഉത്പാദന യൂണിറ്റുകൾ ആക്കുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. തെരഞ്ഞെടുത്ത ഫാമുകൾ ഹൈടെക് ഫാമിംഗിലൂടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുക, ടിഷ്യൂകൾച്ചർ ടെക്നോളജി ഉപയോഗപ്പെടുത്തി ഗുണമേന്മയുള്ള വിവിധ ഇനം വാഴതൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുക എന്നിവയും ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. കുറിയ ഇനം തെങ്ങിൻതൈകളുടെ ഉത്പാദനത്തിനും വിതരണത്തിനുമായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) മേൽപ്പറഞ്ഞ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി 1450 ലക്ഷം രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയതിന് ആവശ്യമായ ഫണ്ട് വിവിധ ജില്ലകളിലെ ഫാമുകൾക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**